മി. സ്പീക്കർ : ചട്ടം 288 പ്രകാരം ശ്രീ. എം. സ്വരാജ് ഒരു കത്ത് നൽകിയിട്ടുണ്ട്. അങ്ങേക്ക് വിശദീകരിക്കാവുന്നതാണ്.

വ്യക്തിപരമായ വിശദീകരണം

ബൈബിളിലെ പരാമർശം സംബന്ധിച്ച്

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട സ്പീക്കർ, ബഡ്ജറ്റ് ചർച്ചയുടെ ഭാഗമായി ഇവിടെ ഞാൻ നടത്തിയ ബൈബിളിലെ ഒരു പരാമർശം സഭക്കകത്തും പുറത്തും വിവാദമായിരിക്കുകയാണ്. യഥാർത്ഥത്തിൽ തെറ്റിദ്ധാരണയിൽ നിന്നുണ്ടായ വിവാദമാണ്. ശൂന്യതയിൽ നിന്നുണ്ടായ ബഹളമെന്നുംമറ്റും ഷേക്സ്പിയറും മറ്റും പരാമർശിച്ചതിന് തുല്യമാണത്. ബൈബിളിന്റെ ഭാഷയും പ്രയോഗങ്ങളും സാഹിത്യവും വളരെ സവിശേമായിട്ടുള്ളതാണ്. സവിശേഷമായ ഭാഷ, പ്രതീകാത്മകമായ പ്രയോഗങ്ങൾ, അതുല്യമായ സാഹിത്യഭാവം ഇതുകൊണ്ട് സമ്പന്നമാണ് ബൈബിൾ. ഇത് ഒറ്റ വായനയിൽ മനസ്സിലായിക്കൊള്ളണമെന്നില്ല. മത്തായിയുടെ സുവിശേഷത്തിൽ യഥാർത്ഥത്തിൽ പറയുന്നത് പന്നികളെയും നായ്ക്കളെയുക്കുറിച്ചൊന്നുമല്ല. ഒറ്റ വായനയിൽ അങ്ങനെ തെറ്റദ്ധരിക്കാനിടയുണ്ട്. അമൂല്യമായത് അനർഹമായവർക്ക് അർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കാനാവില്ലെന്ന സന്ദേശം മാത്രമാണ് അതിൽ പറയുന്നത്. അതിനുപകരം

തെറ്റായ നിലയിലാണ് പലർക്കും അത് മനസ്സിലാക്കാൻ കഴിഞ്ഞത്. ബൈബിൾ ആഴത്തിൽ പഠിക്കാത്തതുകൊണ്ടും ബൈബിളിന്റെ ഹൃദയത്തെ സ്പർശിക്കാത്തതുകൊണ്ടുമാണ്. പത്രങ്ങളിലും മറ്റും വന്ന വാർത്തകളായിരിക്കും ഒരുപക്ഷേ ചിലരെ അങ്ങനെ വഴിതെറ്റിച്ചിട്ടുണ്ടാകുക എന്ന് ഞാൻ കരുതുന്നു. ഏതെങ്കിലും അംഗങ്ങളെയോ അംഗത്തെയോ ആക്ഷേപിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടല്ല മത്തായി അത് എഴുതിയതും ഞാൻ അത് ഇവിടെ പറഞ്ഞതും. സത്യത്തിൽ മത്തായി ഒരു കുഴപ്പക്കാരനേയല്ലായെന്ന് ഈ സഭയുടെ മുമ്പാകെ ആവർത്തിച്ച് വ്യക്തമാക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, ഇക്കാര്യത്തിൽ ......

ശ്രീ. എം. സ്വരാജ് : സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 288 പ്രകാരം വ്യക്തിപരമായ വിശദീകരണത്തിന് ചർച്ച പാടില്ലാത്തതാണ്. പിന്നെ എങ്ങനെ ചർച്ച ചെയ്യും.

മി. സ്പീക്കർ : ഇവിടെ ചർച്ചയൊന്നുമില്ല.

ശ്രീ. വി. ഡി. സതീശൻ : ഞാൻ അതല്ല പറഞ്ഞത്. ഞാൻ എന്താണ് പറയാൻ പോകുന്നതെന്ന് ഇദ്ദേഹം എങ്ങനെയാണ് മുൻകൂട്ടി അറിയുന്നത്. ഞാൻ പറഞ്ഞത്, കഴിഞ്ഞ ദിവസത്തെ പ്രസംഗത്തിൽ.... ഇതുമായി ബന്ധപ്പെട്ടല്ല.

മി. സ്പീക്കർ : ഏത് ചട്ടപ്രകാരമാണ് പറയുന്നത്. എപ്പോഴും ചട്ടം ഉദ്ധരിക്കുന്ന ആളല്ലേ അങ്ങ്. ഏത് ചട്ടപ്രകാരമാണ് അങ്ങ് സംസാരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ റൂൾ 303 അനുസരിച്ച് ക്രമപ്രശ്നം ഉന്നയിക്കുകയാണ്. കഴിഞ്ഞ ദിവസത്തെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഈ ഭാഗമല്ല, ഈ ഭാഗമാണെങ്കിലല്ലേ പേഴ്സണൽ എക്സ്പ്ലനേഷനിൽ വരികയുള്ളൂ. ഈ ഭാഗമല്ല, അദ്ദേഹം അല്ലാതെ പറഞ്ഞു. പ്രതിപക്ഷത്ത്, പ്രതിപക്ഷ നേതാവ് ഒഴിച്ചുള്ള ഒരാളും പുസ്തകം വായിക്കുന്ന ആളുകളല്ല, പുസ്തകം കത്തിച്ചുകളയുന്ന ആളുകളാണെന്നുള്ള പരാമർശം നടത്തി. അദ്ദേഹം അന്ന് പരാമർശം നടത്തിയപ്പോൾ ഞങ്ങൾ ഇടപെടാതിരുന്നത് ഈ സഭയിലെ കീഴ്വവഴക്കം അനുസരിച്ച് ഒരാളുടെ ആദ്യത്തെ പ്രസംഗത്തിൽ ഇടപെടാൻ പാടില്ലായെന്നുള്ളതുകൊണ്ടാണ്. ശ്രീ. വി. ടി. ബൽറാം പറഞ്ഞ വിഷയത്തെപ്പറ്റിയും പറഞ്ഞു. കുറ്റപത്രമാണെന്ന് വൈറ്റ് പേപ്പറിനെക്കുറിച്ച് പറഞ്ഞു. സാമ്പത്തിക കുറ്റവാളികൾ അതൊരു കുറ്റപത്രമായേ കാണുന്നുള്ളൂ എന്ന് പറഞ്ഞു. ശ്രീ. വി. ടി. ബൽറാം ഏത് സാമ്പത്തിക കുറ്റമാണ് ചെയ്തിട്ടുള്ളത്. ഇതിൽ അദ്ദേഹം പറഞ്ഞത് ഞങ്ങൾ ബൈബിൾ വായിക്കാത്തവരും ഇതുമായി ബന്ധമില്ലാത്തവരും ബൈബിളിന്റെ ഹൃദയം സ്പർശിക്കാത്ത

ആളുകളുമാണെന്നുമൊക്കെയാണ്. അങ്ങനെ ഈ സഭയിൽ പരാമർശം നടത്തുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ : ചട്ടം 288 പ്രകാരം ചർച്ചയില്ല. ശ്രീ. വി. ഡി. സതീശനും ശ്രീ. എം. സ്വരാജും ഇരിക്കണം. അദ്ദേഹം ആരെയും അപമാനിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്ന് വ്യക്തമായി പറഞ്ഞുകഴിഞ്ഞു. വീണ്ടും അത് ഉയർത്തിക്കൊണ്ടുവരേണ്ട യാതൊരു ആവശ്യവുമില്ല. പ്രധാനപ്പെട്ട കാര്യങ്ങളിലേക്ക് സഭ കടക്കേണ്ടതുണ്ട്.